LIBRARY ARCHIVES Kerala Legislative Assembly

ജലവൈദ്യുതി ഉല്പാദന കേന്ദ്രങ്ങളുടെ നവീകരണം

*8 [38] ശ്രീ. കളത്തിൽ അബ്ദുള്ള :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, ഇസ്ഹാക് കുരിക്കൾ :
,, സി. മോയിൻകുട്ടി :
,, വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലവൈദ്യുതി ഉല്പാദന കേന്ദ്രങ്ങൾ നവീകരിക്കാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം നിലയങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) നവീകരണജോലികൾ പൂർത്തിയാക്കുന്നതിനുവേണ്ടിവരുന്ന സമയം എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) നവീകരണം നടത്തുന്ന സമയത്ത് വൈദ്യുതി ഉല്പാദനം തടസ്സപ്പെടാൻ സാദ്ധ്യതയുണ്ടോ എന്ന് വ്യക്തമാക്കാമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) ഉണ്ട്.

(ബി) ശബരിഗിരിയും നേരിയമംഗലവും.

(സി) ശബരിഗിരി പദ്ധതിയിലെ ആറ് മെഷീനുകളുടെ നവീകരണ ജോലികൾ നാലു് വർഷംകൊണ്ടും നേരിയമംഗലം പദ്ധതിയിലെ മൂന്ന് മെഷീനുകളുടെ നവീകരണം മൂന്ന് വർഷം കൊണ്ടും പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ജലവൈദ്യുതി നിലയങ്ങളിലെ എല്ലാ ജനറേറ്ററുകളും ഒരുമിച്ചു നിർത്തിവെച്ച് നവീകരണ പ്രവർത്തനം നടത്താറില്ല. മറിച്ച് ഒന്നൊന്നായി മാത്രമേ നവീകരണ പ്രവർത്തനത്തിന് എടുക്കാറുള്ളു. അതിനാൽ നവീകരണ പ്രവർത്തനം നടത്തുമ്പോൾ വൈദ്യുതി ഉല്പാദനത്തിൽ ഭാഗികമായ തടസ്സമേ നേരിടുകയുള്ളൂ.

ജല ലഭ്യതാ പഠനം

*9 [39] ശ്രീ. എം. എ. ചന്ദ്രശേഖരൻ :
,, ജി. പ്രതാപവർമ്മ തമ്പാൻ :
,, എം. പി. ഗംഗാധരൻ :
,, ഡി. സുഗതൻ :
,, കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ജല ലഭ്യതയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്താമോ;

(സി) നദികൾ, തോടുകൾ, അരുവികൾ, കുളങ്ങൾ, കിണറുകൾ, കായലുകൾ, മറ്റു ജലസ്രോതസ്സുകൾ എന്നിവയിലെ ജലലഭ്യത സംബന്ധിച്ച് ഒരു പുതിയ പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ലഭ്യമായ ജലവിഭവത്തിലെ മലിനീകരണം നീക്കം ചെയ്യൽ, ചൂഷണം, ഉപയോഗം എന്നിവ സംബന്ധിച്ച് ശാസ്ത്രീയമായ ഒരു പ്ലാനിന് രൂപം കൊടുത്തിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് ലഭ്യമായ ജലത്തിന്റെ എത്ര ശതമാനം മലിനമാണെന്ന് പറയുമോ;

(എഫ്) ഒരു ജലനയം ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ജലലഭ്യതയെക്കുറിച്ച് 1974-ൽ വിശദമായ പഠനം നടത്തുകയും 'വാട്ടർ റിസോഴ്സസ് ഓഫ് കേരള' എന്ന പേരിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സി. ഡബ്ല്യു. ആർ. ഡി. എം.-ന്റെ കീഴിൽ കേരളത്തിലെ എല്ലാ നദികളുടേയും നീരൊഴുക്കിനെ സംബന്ധിച്ച പൊതുവായ പഠനവും നടത്തിയിട്ടുണ്ട്.

(സി) കോഴിക്കോട് പ്രവർത്തിച്ചുവരുന്ന സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനം ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ട്.

(ഡി) ജലമലിനീകരണം നിയന്ത്രിക്കുന്നതിന് 1974-ലെ ജലമലിനീകരണ നിവാരണ നിയന്ത്രണ നിയമപ്രകാരമുള്ള വ്യവസ്ഥകൾ ബന്ധപ്പെട്ടവർ പാലിക്കുന്നതിന് വേണ്ട നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. 10 നദികളുടെ സമഗ്ര സംരക്ഷണത്തിനായി കർമ്മപദ്ധതികൾ തയ്യാറാക്കി 1997-ൽ കേന്ദ്ര പരിസ്ഥിതി വനമന്ത്രാലയത്തിന് സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിരുന്നു. അതിൽ പമ്പാ ആക്ഷൻ പ്ലാനിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ഇ) ജല ഗുണനിലവാര നിർണ്ണയ പഠനം അനുസരിച്ച് എല്ലാ നദികളിലും ജലാശയങ്ങളിലും, പെരിയാറിന്റെ അവസാന ഘട്ടമൊഴിച്ചുള്ള ഭാഗങ്ങളിലും ഗുണനിലവാരത്തിലെ ഭൗതിക, രാസികഘടകങ്ങൾ ജലത്തിന്റെ ഉപയുക്തതയ്ക്ക് അനുയോജ്യമാണ്. വേനൽക്കാലത്ത് പെരിയാറിന്റെ നീരൊഴുക്ക് കുറവായതിനാൽ ഏലൂരിൽ താഴെയുള്ള ഭാഗത്ത് വ്യാവസായിക മലിനീകരണം ഇടയ്ക്ക് ബാധിക്കുന്നതായി കണ്ടിട്ടുണ്ട്. ജലാശയങ്ങളിലും നദികളിലും ബാക്ടീരിയായും അധികമായി കണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാനത്തെ ജലനയം 1992-ൽ ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ 2002-ലെ ദേശീയ ജലനയത്തിന് അനുസൃതമായി സംസ്ഥാനത്തെ ജലനയവും പരിഷ്കരിക്കുവാൻ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കിണറുകളിലെയും തോടുകളിലെയും വെള്ളം ഉപയോഗയോഗ്യമാക്കുവാൻ നടപടി

*10 [40] ശ്രീ. ലൂഡി ലൂയിസ് :

,, എം. കെ. പോൾസൺ മാസ്റ്റർ :

,, വർക്കല കഹാർ :

,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളും, തോടുകളും മലിനമായതിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തുള്ള കിണറുകളിലേയും കുളങ്ങളിലേയും ജലം ഉപയോഗയോഗ്യമാണോ എന്ന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രശതമാനം കിണറുകളിലും കുളങ്ങളിലും ശുദ്ധജലം ലഭ്യമാകുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) കിണറുകളിലെയും കുളങ്ങളിലെയും വെള്ളം ഉപയോഗയോഗ്യമാണോ എന്ന് പഠനങ്ങളൊന്നും നടത്തിയിട്ടില്ലാത്ത പക്ഷം ഇതു സംബന്ധിച്ച പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ജലസ്രോതസ്സിലെ വെള്ളം ഉപയോഗയോഗ്യമാക്കുന്നതിനുള്ള ഒരു പരിപാടിക്ക് രൂപം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഇപ്രകാരം സമഗ്ര പഠനം നടത്തിയിട്ടില്ല. എന്നാൽ ജലവിഭവ വികസന വിനിയോഗകേന്ദ്രം (CWRDM) പ്രാദേശികമായ ചില പഠനങ്ങൾ ഇക്കാര്യത്തിൽ നടത്തിയിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റി സംസ്ഥാനത്തെ 979 ഗ്രാമപഞ്ചായത്തുകളിൽ ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് സാമ്പിൾ പഠനം നടത്തിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ കേരള വാട്ടർ അതോറിറ്റിയുടെ പഠനത്തിൽ ആകെ 10037 സാമ്പിളുകൾ പരിശോധിച്ചതിൽ 2829 എണ്ണത്തിൽ അയൺ, ക്ലോറൈഡ്, ഫ്ലൂറൈഡ്, നൈട്രേറ്റ്, അഴ്സനിക് എന്നീ രാസവസ്തുകൾ അനുവദനീയമായ നിരക്കിൽ കൂടുതലായി കാണപ്പെട്ടു. 7208 സാമ്പിളുകളിൽ (72%) മേൽപ്പറഞ്ഞ രാസവസ്തുക്കൾ അനുവദനീയമായ നിരക്കിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly